A3/120/2021-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ ജന്മനാടായ ഊരൂട്ടമ്പലത്ത് ഭൂമി വാങ്ങി സാംസ്കാരിക കേന്ദ്രവും തീയേറ്റർ കോംപ്ലക്സും നിർമിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.302/2025/CLAD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.656/2024/CLAD തീയതി 13/11/2024.

2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 15.02.2025 തീയതിയിലെ പി2-538/22/സാം.വ. നമ്പർ കത്ത്.

**ഉത്തരവ്**

അന്തരിച്ച വിഖ്യാത ചലച്ചിത്രകാരൻ ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ ജന്മനാടായ ഊരൂട്ടമ്പലത്ത് 74.02 ആർ ഭൂമി വാങ്ങി സാംസ്കാരിക കേന്ദ്രവും തീയേറ്റർ കോംപ്ലക്സും നിർമിക്കുന്ന പ്രവൃത്തിക്ക് 12 കോടി രൂപയുടെ (പന്ത്രണ്ട് കോടി രൂപ മാത്രം) ഭരണാനുമതി തത്വത്തിൽ നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2 .** പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ മാറനല്ലൂർ വില്ലേജിൽ ഉൾപ്പെടുന്നതാണെന്നും പ്രസ്തുത പ്രവൃത്തിക്കായി മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ മാറനല്ലൂർ വില്ലേജിൽ ശ്രീമതി മിനി.ആർ-ന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നമ്പർ 12-ൽ റീസർവ്വെ നം. 7/7-4 ൽ ഉൾപ്പെട്ട 35.62 ആർ വസ്തുവും; ശ്രീമതി രശ്മി.എസ്.മോഹന്റെ ഉടമസ്ഥതയിലുള്ള മാറനല്ലൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 12-ൽ റീസർവ്വെ നം. 7/13-ൽപ്പെട്ട 3.90 ആർ വസ്തുവും റീസർവ്വെ നം. 7/6-1-ൽപ്പെട്ട 14.52 ആർ വസ്തുവും, റീസർവ്വെ നം.7/17-ൽ 0.45 ച.മീറ്ററും റീസർവ്വെ 07/6-ൽ 04 ആർ 43 ച.മീറ്ററും റീസർവ്വെ നം. 7/8-ൽ 5.15 ആർ വസ്തുവും ഉൾപ്പെടെ 28.45 ആർ വസ്തുവും ; ശ്രീ. കൃഷ്ണൻ നായരുടെ മാറനല്ലൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ-12 ൽപ്പെട്ട റീസർവ്വെ നം. 7/7-3 ൽ 32 ആർ 40 ച. മീറ്റർ, റീസർവ്വെ നം. 7/5-ൽ 6.00 ആറും ഉൾപ്പെടെ 102.47 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന് മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

**3 .** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപ്രകാരം പരാമർശം (1) ഉത്തരവിലെ രണ്ടാമത്തെ ഖണ്ഡികയിൽ "മാറനല്ലൂർ വില്ലേജിൽ 74.02 ആർ വസ്തു ലെനിൻ രാജേന്ദ്രന് ..." എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് , മേൽ ഖണ്ഡിക 2-ൽ പരാമർശിക്കുന്ന റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടതും ശ്രീമതി മിനി ആർ., ശ്രീമതി രശ്മി.എസ്.മോഹൻ, ശ്രീ. കൃഷ്ണൻ നായർ എന്നിവരുടെ ഉടമസ്ഥതയിലുള്ളതുമായ 102.47 ആർ ഭൂമി എന്ന് തിരുത്തി വായിക്കേണ്ടതാണ്.

**4.** പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വ.ഐ.ബി. സതീഷ് (കാട്ടാക്കട), അംഗം, കേരള നിയമസഭ, പത്മരാഗം, ഗാന്ധിനഗർ, വഴുതക്കാട്, തിരുവനന്തപുരം, പിൻ-695014 (ആമുഖ കുത്ത് സഹിതം)
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ധനകാര്യ വകുപ്പ് (2785700/ EDN-C3/159/2024-FIN dated 25.10.2024)
റവന്യൂ വകുപ്പ് (REV-B3/66/2025-CLAD dated 05.03.2025)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 27-05-2025 15:17:05